**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 652** **13-01-2021 - ൽ മറുപടിയ്ക്ക്**

**മുറ്റത്തെ മുല്ല പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ യു. ആർ. പ്രദീപ് | | **Shri. Kadakampally Surendran**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | അമിതപലിശക്കാരെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ സഹകരണമേഖലയിൽ നടപ്പിലാക്കിയ മുറ്റത്തെ മുല്ല എന്ന പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്; | (എ) | സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | നാളിതുവരെ എത്ര കോടി രൂപയാണ് ഈ പദ്ധതി മുഖേന വായ്പയായി നൽകിയത്; ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടാകും; | (ബി) | നാളിതുവരെ 8,623,256,915/- രൂപയാണ് വായ്പയായി നൽകിയിട്ടുള്ളത്. 2,67,824 അംഗങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (സി) | മുറ്റത്തെ മുല്ല എന്ന പദ്ധതി ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന വിലയിരുത്തൽ വകുപ്പിനുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ? | (സി) | ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ട നഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹ ത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് "മുറ്റത്തെമുല്ല" ഗ്രാമീണലഘു വായ്പാ പദ്ധതി. പദ്ധതി പ്രകാരം 1,000 രൂപ മുതൽ 50,000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽ നിന്നും 12% പലിശ (നൂറു രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽ നിന്നും 9% പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/ വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാന പ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1,000 രൂപ വായ്പ എടുത്ത ഒരാൾ ഒരു വർഷം |

| | | | |
|---|---|---|---|
| | | | കൊണ്ട് 52 ആഴ്ചകളിൽ തുല്ല്യ ഗഡുക്കളായി 1,120 രൂപ തിരിച്ചടയ്ക്കണം. സാധാരണക്കാരന് ബ്ലേഡ് പലിശക്കാരെ സമീപിക്കാതെ സ്വന്തം വീട്ടു പടിക്കൽ വായ്പ ധനസഹായം ബുദ്ധിമുട്ടില്ലാതെ ലഭിക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രധാന നേട്ടം. പദ്ധതി പൈലറ്റ് പ്രോജക്ട് ആയി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുകയും ആയത് വൻ വിജയമായതിനെ തുടർന്ന് 14 ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയും നിലവിൽ എല്ലാ ജില്ലകളിലും നല്ല രീതിയിൽ പദ്ധതി നടപ്പിലാക്കി വരികയുമാണ്. |

സെക്ഷൻ ഓഫീസർ